പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4654   23.07.2015-ൽ മറുപടിക്ക്

ശബരി റെയിൽപ്പാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ :<br>'' ജി.എസ്. ജയലാൽ :<br>'' മുല്ലക്കര രത്നാകരൻ | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | റെയിൽ പദ്ധതികളുടെ പകുതി ചെലവ് സംസ്ഥാന സർക്കാർ വഹിക്കണമെന്ന റെയിൽവേയുടെ നിർദ്ദേശം അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നിർദ്ദേശം അംഗീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ: | (എ) | നിർമ്മാണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പകുതി ചെലവ് സംസ്ഥാന സർക്കാർ വഹിക്കണമെന്ന റെയിൽവേയുടെ നിർദ്ദേശം സംസ്ഥാനത്തിന്റെ പ്രത്യേക സാമ്പത്തിക സ്ഥിതി പരിഗണിച്ച് ഏറ്റെടുക്കാൻ കഴിയുകയില്ലായെന്ന് റെയിൽവേയെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിന് റെയിൽവേ ബോർഡിന്റേയോ കേന്ദ്ര സർക്കാരിന്റേയോ അനുകൂല പ്രതികരണം ലഭിച്ചിട്ടില്ല. |
| (ബി) | ശബരി പാത പ്രഖ്യാപിച്ചത് എന്നാണ് ; എത്ര കോടിയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചത്; ഇതിനായി റെയിൽവേ ഇതിനകം എത്ര കോടി ചെലവഴിച്ചു; ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ: | (ബി) | 1997-98-ൽ പദ്ധതി പ്രഖ്യാപിച്ച സമയത്ത് 550 കോടി രൂപയായിരുന്നു നിർമ്മാണ ചെലവ്. എന്നാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ ഇത് 1566 കോടി രൂപയാകുമെന്ന് കരുതുന്നു. 169.82 കോടി രൂപ ഇതുവരെ റയിൽവേ ചെലവഴിച്ചിട്ടുണ്ട്. അങ്കമാലി - ശബരി റെയിൽപാതയുടെ അങ്കമാലി മുതൽ കാലടി വരെയുള്ള പാതയുടെ റെയിലിടൽ പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കാലടി സ്റ്റേഷന്റെ പണിയും പെരിയാർ നദിക്കു കുറുകെയുള്ള പാലം പണിയും പുരോഗതിയിലാണ്. 24.40 ഹെക്ടർ സ്ഥലം ഈ റെയിൽപാതക്കു വേണ്ടി കൈമാറിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ശബരി പാത എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | ഈ പദ്ധതിയ്ക്ക് റെയിൽവേ പ്രത്യേകിച്ച് ടാർഗറ്റ് ഒന്നും നിശ്ചയിട്ടില്ല. എന്നാൽ യഥാസമയം ആവശ്യമായ ഫണ്ട് ലഭ്യമാകാത്തതിനാൽ പണിയുടെ പുരോഗതിയെ ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ ശബരി പാത എന്നത്തേയ്ക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് പറയുവാൻ നിർവ്വാഹമില്ല.<br>കൂടാതെ, അങ്കമാലി - ശബരി റെയിൽവേ ലൈൻ പ്രാവർത്തികമാക്കുകയെന്ന സംസ്ഥാനത്തിന്റെ ആവശ്യം പൂർത്തീകരിക്കുന്നതിന് സംസ്ഥാനത്തെ എം.പി.മാർ മുഖേനയും കേന്ദ്ര സർക്കാരിൽ നിരന്തരമായി സമ്മർദം ചെലുത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ